## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത.വി.കമാർ ഐഎഎസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - അങ്കണവാടി നവീകരണം 2024-25 - 21 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:

1. GO (Rt) 273/2024/WCDD dtd : 26.07.2024
2. തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 19.06.2024, 15.07.2024 തിയതികളിലെ PO/TSR/D-982/24 നമ്പർ കത്ത്.
3. തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 24/05/2024 തീയതിയിലെ PO/TSR/D-862/24 നമ്പർ കത്ത്
4. ഇടുക്കി പ്രോഗ്രാം ഓഫീസറുടെ 29.07.2024 ലെ DICDS/IDK/209/2024-A4 നമ്പർ കത്ത്
5. കോഴിക്കോട് പ്രോഗ്രാം ഓഫീസറുടെ 01.07.2024 ലെ PO/KKD/B/604/24 നമ്പർ കത്ത്
6. വയനാട് പ്രോഗ്രാം ഓഫീസറുടെ 28.06.2024 ലെ WYD/ICDS/55/2024-B നമ്പർ കത്ത്
7. പത്തനംതിട്ട പ്രോഗ്രാം ഓഫീസറുടെ 24.06.2024 ലെ C2-539/24 നമ്പർ കത്ത്
8. കോട്ടയം പ്രോഗ്രാം ഓഫീസറുടെ 18.06.2024 ലെ പികെ/1103/24 നമ്പർ കത്ത് .

**ഉത്തരവ് നം. DWCD/1967/2024-ICDSA7 തീയതി: 28-08-2024**

അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹികവിഭവകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 4235-02-102-87 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽ നിന്നും 1 കോടി രൂപ വിനിയോഗിച്ച് 2 ലക്ഷം രൂപ നിരക്കിൽ 50 അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം നവീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

വിവിധ ജില്ലകളിൽ നിന്നും നിലവിൽ പ്രവർത്തിച്ചുവരുന്നതും, നവീകരണം ആവശ്യമുള്ളതുമായ അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് പ്രോഗ്രാം ആഫീസർമാർ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (2) മുതൽ പരാമർശം (8) വരെയുള്ള പ്രൊപ്പോസലുകളിൽ നിന്നും അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 21 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയും നവീകരണചുമതല

തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് നൽകിയും ഉത്തരവാകുന്നു. 21 അങ്കണവാടികളുടെ നവീകരണത്തിലേയ്ക്ക് ആവശ്യമായ 35,64,565/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 4235-02-102-87 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നവീകരണപ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയർ അടിയന്തിരമായി ആരംഭിക്കേണ്ടതും, നടപ്പ് വർഷം തന്നെ നവീകരണം പൂർത്തിയാക്കി 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. പോഗ്രാം ആഫീസർമാർ പ്രതിമാസ നവീകരണപുരോഗതി വിലയിരുത്തി അങ്കണവാടികളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

HARITHA V KUMAR, DIRECTOR DWCD, O/o
Director DWCD
**വനിത ശിശുവികസന ഡയറക്ടർ**

ചീഫ് എഞ്ചിനീയർ
തദ്ദേശ സ്വയം ഭരണ വകുപ്പ്(എൽ ഐ ഡി & ഇ ഡബ്ല്യു)
തിരുവനന്തപുരം

പകർപ്പ് :

1. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട സിഡിപിഒ-മാർക്ക്
3. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ (സിഡിപിഒ മുഖേന)
4. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്

അനുബന്ധം

**അങ്കണവാടി നവീകരണം 2024-25 ലിസ്റ്റ് (21 എണ്ണം)**

**(ഓർഡർ നം. DWCD/1967/2024-ICDSA7 തിയതി : 28-08-2024 )**

| ക്രമ നം. | ജില്ല | ഐസിഡിഎസ് | തദ്ദേശ സ്വയംഭരണ സ്ഥാപനം | സെന്റർ നം. | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | പറക്കോട് അഡീഷണൽ | കടമ്പനാട് | 53 | 200000 |
| 2 | പത്തനംതിട്ട | ഇലന്തൂർ | ചെന്നീർക്കര | 47 | 200000 |
| 3 | കോട്ടയം | കഞ്ഞിരപ്പള്ളി | കഞ്ഞിരപ്പള്ളി | 58 | 200000 |
| 4 | കോട്ടയം | കഞ്ഞിരപ്പള്ളി | കഞ്ഞിരപ്പള്ളി | 63 | 200000 |
| 5 | കോട്ടയം | കഞ്ഞിരപ്പള്ളി | കഞ്ഞിരപ്പള്ളി | 67 | 200000 |
| 6 | കോട്ടയം | കഞ്ഞിരപ്പള്ളി | മണിമല | 23 | 200000 |
| 7 | ഇടുക്കി | അടിമാലി അഡീഷണൽ | ബൈസൺവാലി | 84 | 200000 |
| 8 | ഇടുക്കി | കട്ടപ്പന | കട്ടപ്പന മുനിസിപ്പാലിറ്റി | 69 | 144565 |
| 9 | ഇടുക്കി | കട്ടപ്പന | കട്ടപ്പന മുനിസിപ്പാലിറ്റി | 70 | 120000 |
| 10 | തൃശ്ശൂർ | ചാവക്കാട് | വടക്കേക്കാട് | 67 | 200000 |
| 11 | തൃശ്ശൂർ | ചൊവ്വന്നൂർ | കുന്നംകുളം മുനിസിപ്പാലിറ്റി | 97 | 200000 |
| 12 | തൃശ്ശൂർ | മതിലകം | എടത്തിരുത്തി | 8 | 100000 |
| 13 | തൃശ്ശൂർ | മതിലകം | എടത്തിരുത്തി | 12 | 100000 |
| 14 | തൃശ്ശൂർ | മതിലകം | എടത്തിരുത്തി | 9 | 100000 |
| 15 | തൃശ്ശൂർ | മതിലകം | എടത്തിരുത്തി | 11 | 100000 |
| 16 | തൃശ്ശൂർ | മതിലകം | എടത്തിരുത്തി | 14 | 100000 |

| | | | | | |
|---|---|---|---|---|---|
| 17 | കോഴിക്കോട് | മേലടി | മേപ്പയ്യൂർ | 110 | 200000 |
| 18 | കോഴിക്കോട് | പേരാമ്പ്ര | പേരാമ്പ്ര | 159 | 200000 |
| 19 | വയനാട് | കൽപ്പറ്റ അഡീഷണൽ | മൂപ്പൈനാട് | 5 | 200000 |
| 20 | വയനാട് | മാനന്തവാടി അഡീഷണൽ | വെള്ളമുണ്ട | 3 | 200000 |
| 21 | വയനാട് | സുൽത്താൻ ബത്തേരി | ബത്തേരി മുനിസിപ്പാലിറ്റി | 42 | 200000 |
| **ആകെ** | | | | | 3564565 |

(ആകെ മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം)

For വനിത ശിശുവികസന ഡയറക്ടർ